"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് പദ്ധതി - മാനദണ്ഡങ്ങളും മാർഗ്ഗ രേഖകളും പരിഷ്ക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ജി) വകുപ്പ്**

**സ.ഉ.(കൈ) നം.2/2026/LBR** തീയതി,തിരുവനന്തപുരം, **16-01-2026**

---

പരാമർശം:- 1) 01/11/2025 ലെ സ.ഉ(എം.എസ്) 137/2025/ധന നമ്പർ ഉത്തരവ്

2) 10.11.2025 ലെ സ.ഉ(എം.എസ്) നം.30/2025/തൊഴിൽ നമ്പർ ഉത്തരവ്

3) 08.01.2026 ലെ എംപ്ളോയ്മെന്റ് ഡയറക്ടറുടെ DE/4467/2025-Q2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (2) ഉത്തരവ് പ്രകാരം സംസ്ഥാനത്തെ തൊഴിൽ അന്വേഷകരായ യുവാക്കൾക്ക് ഒരു കൈത്താങ്ങായ മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് പദ്ധതിയുടെ മാനദണ്ഡങ്ങളും മാർഗ്ഗ രേഖകളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ പദ്ധതിയുടെ മാർഗ രേഖകൾ പരിഷ്ക്കരിക്കുന്നതിലേക്ക് പരാമർശ കത്ത് പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (2) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്ന മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് പദ്ധതിയുടെ മാർഗ രേഖകൾ, അനുബന്ധമായി ചേർത്തിരിക്കുന്ന പ്രകാരം പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

എംപ്ളോയ്മെന്റ് ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (14.01.2026 ലെ ഇനം നം. 3545പ്രകാരം)
ധനകാര്യ (തൊഴിൽ) വകുപ്പ് (13.01.2026 ലെ 3318448/LBR-2/277/2025-FIN കുറിപ്പ് പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Kavitha I
Date: 16-01-2026 14:33:41

സെക്ഷൻ ഓഫീസർ

## മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക്

യുവത്വം ഒരു രാജ്യത്തിന്റെ ഏറ്റവും വിലപ്പെട്ട സമ്പത്താണ്. അവരുടെ വിജ്ഞാനവും, നൈപുണ്യവും, കർമ്മ കുശലതയും ഉണർത്തി ശരിയായ ദിശയിൽ യുവതയെ നയിക്കുമ്പോഴാണ് ഒരു സമൂഹം സമഗ്ര പുരോഗതിയിലേക്ക് എത്തുന്നത്. തൊഴിൽ രംഗത്ത് മികവ് തെളിയിക്കാനും, വിവിധ മത്സരപരീക്ഷകളിൽ വിജയിക്കാനും വേണ്ടിയുള്ള യുവാക്കളുടെ ശ്രമത്തിൽ സാമ്പത്തികമായ ബുദ്ധിമുട്ടുകൾ പലർക്കും അവരുടെ സ്വപ്നങ്ങൾ നടപ്പാക്കാൻ തടസ്സമാകുന്നുണ്ട്. ഈ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ " 'മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് 'ആരംഭിക്കുന്നത്.

യുവാക്കളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും, അവരുടെ പഠനോത്സാഹം നിലനിർത്തുകയും, നൈപുണ്യ വികസനത്തിലൂടെ തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. യുവത്വത്തിന് വിജ്ഞാനത്തിന്റെ വെളിച്ചം പകരുന്ന സാംസ്കാരിക ഉണർവ്വിന്റെ പ്രതീകം കൂടിയാണ് ഈ പദ്ധതി.

### 1. ആമുഖം

ഈ പദ്ധതി **'മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക്'** എന്ന പേരിലായിരിക്കും അറിയപ്പെടുക. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഈ പദ്ധതി കേരള സംസ്ഥാനത്തിലെ യുവജനങ്ങൾക്ക് വേണ്ടി കേരള സംസ്ഥാന സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖേനയാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല എംപ്ലോയ്മെന്റ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നു.

### 2. പദ്ധതിയുടെ ലക്ഷ്യം

വിദ്യാർത്ഥികൾക്ക് മികച്ച ജോലി ലഭിക്കുന്നതിന് നൈപുണ്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കും, മത്സരപരീക്ഷകൾക്കായി

തയ്യാറെടുക്കുന്നവർക്കും പ്രതിമാസം 1000/- രൂപ സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

**3.പദ്ധതിയുടെ ഗുണഭോക്താക്കൾ**

കേരളത്തിലെ സ്ഥിരതാമസക്കാരായിരിക്കണം അപേക്ഷകർ. അപേക്ഷ സമർപ്പിക്കുന്ന വേളയിൽ 18 വയസ്സ് പൂർത്തിയായവരും 30 വയസ്സ് കവിയാത്തവരുമായിരിക്കണം അപേക്ഷകർ. കുടുംബ വാർഷിക വരുമാനം അഞ്ച് ലക്ഷം രൂപയിൽ കവിയാൻ പാടില്ല. പ്ലസ്ടൂ/വി.എച്ച്.എസ്.സി/ ഐ.ടി.ഐ/ഡിപ്ലോമ/ഡിഗ്രി വിജയത്തിനു ശേഷം വിവിധ സ്കിൽ കോഴ്സുകൾ ചെയ്യുന്നവരോ/ വിവിധ ജോലിക്ക് വേണ്ടി മത്സരപരീക്ഷകൾക്ക് വേണ്ടി തയ്യാറെടുക്കുന്നവരോ ആയിരിക്കണം അപേക്ഷകർ.

**4. അർഹതാ മാനദണ്ഡങ്ങൾ**

| | |
|---|---|
| a) | കേരള സംസ്ഥാനത്തിലെ സ്ഥിരതാമസക്കാരായിരിക്കണം. |
| b) | കുടുംബ വാർഷിക വരുമാനം അഞ്ച് ലക്ഷം രൂപയിൽ കവിയാൻ പാടില്ല. |
| c) | അപേക്ഷിക്കുന്ന **തീയതിയിൽ 18 വയസ്സ് പൂർത്തിയായവരും 30 വയസ്സ്** കവിയാത്തവരുമായിരിക്കണം**.** |

**5. ആർക്കൊക്കെ അപേക്ഷിക്കാം / നിബന്ധനകൾ**

| | |
|---|---|
| 1. | കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകൾ, കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ/ കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ അനുബന്ധ സ്ഥാപനങ്ങൾ/രാജ്യത്തെ അംഗീകൃത സർവ്വകലാശാലകൾ/ 'ഡീംഡ്' സർവ്വകലാശാലകൾ, നിലവിൽ പ്രവർത്തിച്ചുവരുന്ന ആംഗീകൃത സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നൈപുണ്യ പരിശീലനം നടത്തുന്നവരോ, യു.പി.എസ്.സി, സംസ്ഥാന പി.എസ്.സി., സർവ്വീസ് സെലക്ഷൻ ബോർഡ്, കര, നാവിക, വ്യോമ സേന, ബാങ്ക്, റയിൽവെ, മറ്റ് കേന്ദ്ര, സംസ്ഥാന പൊതുമേഖലാ റിക്രൂട്ട്മെന്റ് ഏജൻസികൾ എന്നിവ നടത്തുന്ന മത്സര പരീക്ഷകൾക്ക് അപേക്ഷ സമർപ്പിച്ച് മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവരോ ആയിരിക്കണം അപേക്ഷകർ. |
| 2. | അർഹരായ ആദ്യത്തെ 5 ലക്ഷം പേർക്ക് സ്കോളർഷിപ്പ് നൽകുന്നതായിരിക്കും. |
| 3. | അപേക്ഷ ലഭിക്കുന്ന തീയതിയുടെ മുൻഗണന ക്രമത്തിൽ സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്. |

## 6.കുടുംബ വാർഷിക വരുമാനം

കുടുംബ വാർഷിക വരുമാനം 5,00,000/- കവിയരുത്.

കുറിപ്പ്:-വാർഷിക കുടുംബ വരുമാനം തെളിയിക്കുന്നതിന് റവന്യൂ അധികാരിയിൽ നിന്നും അപേക്ഷകരുടെ പേരിൽ തന്നെ സർട്ടിഫിക്കറ്റ് സമർപ്പിക്കണം

## 7. മറ്റു വ്യവസ്ഥകൾ

| | |
|---|---|
| a) | കേന്ദ്ര, സംസ്ഥാന സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങൾ തുടങ്ങി വിതരണം ചെയ്യുന്ന മറ്റൊരു സ്കോളർഷിപ്പ് ലഭിക്കുന്നവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല. |
| b) | വിധവാ പെൻഷൻ, വികലാംഗ പെൻഷൻ മുതലായ ഏതെങ്കിലും സാമൂഹ്യ ക്ഷേമ പെൻഷനുകൾ, വിവിധ തരം സർവ്വീസ് പെൻഷനുകൾ, കുടുംബ പെൻഷൻ, ക്ഷേമ നിധി ബോർഡുകളിൽ നിന്നുള്ള കുടുംബ പെൻഷൻ, ഇ.പി.എഫ് പെൻഷൻ മുതലായവ ലഭിക്കുന്നവർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല. |
| c) | നൈപുണ്യപരിശീലനം, മത്സര പരീക്ഷാ പരിശീലനം എന്നിങ്ങനെ ഏത് വിഭാഗത്തിലായാലും, ഒരു വ്യക്തിക്ക് ഒരു തവണ പരമാവധി ആകെ 12 (പന്ത്രണ്ട്) മാസത്തേക്ക് മാത്രമേ ഈ സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. |
| d) | അപേക്ഷകർക്ക് സ്വന്തമായി ബാങ്ക് അക്കൗണ്ട് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ഇപ്രകാരമുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് Direct Benefit Transfer (DBT) മുഖേന സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നത്. |
| e) | നൈപുണ്യ പരിശീലനം നടത്തുന്നവർ ആയത് തെളിയിക്കുന്നതിന് പരിശീലനം നടത്തുന്ന സ്ഥാപന മേധാവി നൽകുന്ന **അനുബന്ധം (1)** ൽ പരാമർശിച്ച മാതൃകയിലുള്ള സാക്ഷ്യപത്രം ഹാജരാക്കണം. |
| f) | മത്സരപരീക്ഷകൾക്കായി തയ്യാറെടുക്കുന്നവർ അതിന് ആധാരമായ രേഖകൾ-യു.പി.എസ്.സി/ സംസ്ഥാന പി.എസ്.സി. ഒറ്റത്തവണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/ സർവ്വീസ് സെലക്ഷൻ ബോർഡ്/കര, നാവിക, വ്യോമ സേന, ബാങ്ക്, റയിൽവെ, മറ്റ് കേന്ദ്ര, സംസ്ഥാന പൊതുമേഖലാ റിക്രൂട്ട്മെന്റ് ഏജൻസികൾ നടത്തുന്ന മത്സര പരീക്ഷകൾക്ക് അപേക്ഷ സമർപ്പിച്ചതായി തെളിയിക്കുന്നതിനുള്ള രേഖകൾ, ഓൺലൈൻ/ഓഫ്ലൈൻ അപേക്ഷാ അക്നോളെഡ്ജ്മെന്റ് ഡൗൺലോഡ് ചെയ്തതും അല്ലാത്തതുമായ സർട്ടിഫിക്കറ്റുകൾ എന്നിവയും ഹാജരാക്കേണ്ടതാണ്. കൂടാതെ അവർ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവരാണെന്ന് കാണിച്ചുകൊണ്ടുള്ള അനുബന്ധം (2) ൽ ചേർക്കുന്ന വിധം ഒരു സത്യവാങ്മൂലം ഹാജരാക്കേണ്ടതാണ്. |

| | |
|---|---|
| f) | ഈ സ്കോളർഷിപ്പ് നൈപുണ്യ വികസന പരിശീലന കോഴ്സ്/ മൽസര പരീക്ഷാ പരിശീലനങ്ങൾക്കല്ലാതെ മറ്റ് കോഴ്സുകൾക്ക് അനുവദിക്കുന്നതല്ല. (JEE,NET,SET,NET) തുടങ്ങിയ പ്രവേശന/എലിജിബിലിറ്റി ടെസ്റ്റുകൾക്ക് അനുവദിക്കില്ല) |
| h) | ഓരോ സാമ്പത്തിക വർഷവും നിശ്ചിത സമയത്ത് എംപ്ലോയ്മെന്റ് ഡയറക്ടർ **eemployment.kerala.gov.in** എന്ന പോർട്ടൽ മുഖേന അപേക്ഷ ക്ഷണിക്കുന്നതാണ്. |
| i) | ഒരു വർഷം ഈ സ്കോളർഷിപ്പിന് അർഹരായവർക്ക് തുടർന്ന് അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. |

8. **സ്കോളർഷിപ്പ് തുക:**

₹1000/- പ്രതിമാസം, പരമാവധി 12 മാസം വിതരണം ചെയ്യുന്നതാണ്.

9. **തിരഞ്ഞെടുപ്പ്:**

| | |
|---|---|
| a) | അപേക്ഷകൾ ഓൺലൈനായി **eemployment.kerala.gov.in** എന്ന പോർട്ടൽ മുഖേന മാത്രമാണ് സ്വീകരിക്കുന്നത്. |
| b) | അപേക്ഷയുടെ സൂക്ഷ്മപരിശോധന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തലത്തിൽ നിർവ്വഹിക്കുന്നതാണ്. |
| c) | പദ്ധതി നിർവ്വഹണം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തലത്തിൽ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ നിർവ്വഹിക്കുന്നതാണ്. |
| d) | മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർമാർ ബന്ധപ്പെട്ട മേഖലകളിലെ മേൽനോട്ടം നിർവ്വഹിക്കുന്നതാണ്. |
| e) | പദ്ധതിയുടെ സംസ്ഥാനതല ഏകോപനം, നിയന്ത്രണം എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് തലത്തിൽ നിർവ്വഹിക്കുന്നതാണ് |

10. **തുക നൽകുന്ന രീതി**

**Direct Benefit Transfer (DBT)** മുഖേന നേരിട്ട് അപേക്ഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് സ്കോളർഷിപ്പ് തുക വിതരണം ചെയ്യും.

11. **അപേക്ഷയോടൊപ്പം സമർപ്പിക്കുന്നതിന് ആവശ്യമായ രേഖകൾ**

| | |
|---|---|
| a) | പ്രായം തെളിയിക്കുന്നതിനുള്ള രേഖ (ജനന സർട്ടിഫിക്കറ്റ്/ എസ്.എസ്.എൽ.സി) |
| b) | വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റ് |

| | |
|---|---|
| c) | അഡ്രസ്സ് പ്രൂഫിനായി ഇലക്ഷൻ ID, സ്കൂൾ സർട്ടിഫിക്കറ്റ്, പാസ്സ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ് എന്നിവ ഹാജരാക്കണം |
| d) | വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് |
| e) | പരിശീലന സ്ഥാപന മേധാവി നൽകുന്ന സർട്ടിഫിക്കറ്റ്/സത്യവാങ്മൂലം/ മൽസര പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന വിവരങ്ങൾ എന്നിവയിൽ ബാധകമായത്. |
| f) | അപേക്ഷകന്റെ/അപേക്ഷകയുടെ ബാങ്ക് അക്കൗണ്ട് നമ്പർ, IFSC കോഡ് എന്നിവ അടങ്ങുന്ന ബാങ്ക് പാസ് ബുക്കിലെ പേജിന്റെ പകർപ്പ് |
| g) | കാലാകാലങ്ങളിൽ നിർദ്ദേശിക്കപ്പെടുന്ന ആവശ്യമായ മറ്റ് രേഖകൾ |

12. **പ്രാബല്യം**

ഈ പദ്ധതി സർക്കാർ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ വരും.

13. **മറ്റ് കാര്യങ്ങൾ**

| | |
|---|---|
| a) | അനർഹമായി ആനുകൂല്യം കൈപ്പറ്റുന്നവരിൽ നിന്നും ഇത്തരത്തിൽ കൈപ്പറ്റിയ തുകയുടെ 18% പലിശ സഹിതം തിരികെ ഈടാക്കുന്നതാണ്. അല്ലാത്തപക്ഷം ലഭിച്ച തുക റവന്യൂ റിക്കവറി നടപടികൾ പ്രകാരം സർക്കാർ പലിശ സഹിതം തിരിച്ചുപിടിക്കുന്നതാണ്. |
| b) | ഈ പദ്ധതിയ്ക്കായി പ്രതിവർഷം നീക്കി വയ്ക്കപ്പെടുന്ന തുകയുടെ 10% പ്രചരണത്തിനും ഈ പദ്ധതിയുടെ നടത്തിപ്പിനും വേണ്ടി ഉപയോഗിക്കാവുന്നതാണ്. |
| c) | സ്കോളർഷിപ്പ് കാലയളവിൽ ജോലി ലഭിക്കുന്ന പക്ഷം തുടർന്ന് സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതല്ല. |
| d) | ഉത്തരവിലെ മാനദണ്ഡങ്ങളും നിബന്ധനകളും പ്രകാരം അർഹരായവർ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിലേക്ക് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പികേണ്ടതാണ്. അതിൽ നിന്നും അർഹരായവരുടെ ലിസ്റ്റ് സർക്കാർ മുഖാന്തിരം Kerala Social Security Pension Ltd – സമർപ്പിക്കേണ്ടതാണ് |
| e) | ടി ലിസ്റ്റ് Kerala Social Security Pension Ltd പരിശോധന നടത്തി അർഹരായവർക്ക് ഒരു വർഷം അല്ലെങ്കിൽ അപേക്ഷകന്/ അപേക്ഷകയ്ക്ക് ജോലി ലഭിക്കുന്നത് വരെ (ഏതാണോ ആദ്യം അതു വരെ) DBT മുഖാന്തിരം സ്കോളർഷിപ്പ് തുക അനുവദിക്കേണ്ടതാണ്. |
| f) | അപേക്ഷകർ ക്ഷേമ പെൻഷൻ വാങ്ങുന്നുണ്ടോയെന്ന് IKM മുഖേന പരിശോധിക്കേണ്ടതാണ്. |
| g) | അപേക്ഷകർ സർക്കാർ ജീവനക്കാരാണോ എന്ന് Spark മുഖേന പരിശോധിക്കേണ്ടതാണ്. |

| | |
|---|---|
| h) | മേൽ പറഞ്ഞ മാനദണ്ഡങ്ങളിലും നിബന്ധനകളിലും കാലാകാലങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കും. |

അനുബന്ധം (1)

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം)

## സാക്ഷ്യപത്രം-1

'മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് ' പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള ശ്രീ./ശ്രീമതി./കുമാരി---------------------------------------- -------------------------------- -------------------------------------------------------------------

എന്നിവർ--------------------------------------------------------------------------------

ജില്ലയിലെ------------------------------താലൂക്കിലെ-------------------------------

വില്ലേജിലെ--------------------------------------------- സ്ഥിരതാമസക്കാരനാണ് /സ്ഥിര താമസക്കാരിയാണ്. ടിയാൻ/ടിയാൾ ഈ സ്ഥാപനത്തിൽ -------------------തീയതി മുതൽ ............................................................ തൊഴിൽ നൈപുണ്യ പരിശീലന ക്ലാസ്സിൽ പങ്കെടുത്തുവരുന്നു. ടിയാന്റെ/ ടിയാളുടെ ഈ സ്ഥാപനത്തിലെ പ്രവൃത്തിയും സ്വഭാവവും നല്ലതാണ്/തൃപ്തികരമാണ്.

സ്ഥാപന മേധാവിയുടെ പേരും, ഒപ്പും

സ്ഥലം:

തീയതി :

ഓഫീസ് സീൽ

കുറിപ്പ്:-

1. ഈ സാക്ഷ്യപത്രം സ്ഥാപന മേധാവിതന്നെ നൽകേണ്ടതും, ഈ ആവശ്യത്തിലേക്ക് മറ്റൊരു ഉദ്യോഗസ്ഥനെ ചുമതതലപ്പെടുത്തുവാൻ പാടില്ലാത്തതുമാകുന്നു.

2. ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തുക/ബാധകമല്ലാത്തത് വെട്ടിക്കളയുക.

<u>അനുബന്ധം (2)</u>

<u>നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം)</u>

**<u>സാക്ഷ്യപത്രം-2</u>**

മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് 'പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള ശ്രീ./ശ്രീമതി./കുമാരി ------------------------------------------ എന്നിവർ---------------------------------------------------------------------------------- ജില്ലയിലെ------------------------------താലൂക്കിലെ------------------------------ വില്ലേജിലെ--------------------------------------------- സ്ഥിരതാമസക്കാരനാണ് /സ്ഥിര താമസക്കാരിയാണ്. .................................................... തസ്തികയിലെ പരീക്ഷയ്ക്ക് ....................................... തീയതിയിൽ അപേക്ഷ സമർപ്പിച്ച്, അതിന് തയ്യാറെടുത്ത് വരികയാണെന്ന വിവരം സ്വയം സാക്ഷ്യപ്പെടുത്തുന്നു. ജോലി ലഭിക്കുന്ന വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ യഥാസമയം അറിയിക്കുന്നതാണ്.

പേരും, ഒപ്പും

സ്ഥലം:

തീയതി :